തുറമുഖത്ത് ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയാണ് ഈ കമ്പനിയുടെ പ്രഖ്യാപിതലക്ഷ്യം. ഈ പ്രോജക്ടിലേക്ക് റോഡ്, ട്രെയിൻ ഗതാഗതം, വിദ്യുച്ഛക്തി, ജലസേചനം ഇവ ഏർപ്പെടുത്തുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച് തയ്യാറാക്കുക എന്നീ പ്രാരംഭ പ്രവർത്തനങ്ങൾ ഈ കമ്പനി ചെയ്തുവരുന്നു.

(ബി) ജൂലായ് 30-ന് മുമ്പായി ദർഘാസുകൾ ലഭിക്കുകയും അവ പരിശോധിച്ച് അനുയോജ്യമായ പങ്കാളിയെ കണ്ടെത്തുകയും ചെയ്യുകയാണ് പ്രധാന നടപടി. ഇങ്ങനെ തെരഞ്ഞെടുക്കുന്ന കമ്പനി, നിയമപരമായ അനുമതികൾക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ച്, അവ ലഭ്യമാക്കി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

(സി) കരാർ ഒപ്പുവച്ചുകഴിഞ്ഞാൽ അന്നുമുതൽ ഒരു വർഷത്തിനകം പണി ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹാന്റക്സ് ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ

1 [439] *ശ്രീ. പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-ന് ശേഷം എത്ര പ്രാവശ്യം ഹാന്റക്സിലെ ജീവനക്കാർക്ക് ശമ്പളം പരിഷ്കരിച്ച് നൽകിയിട്ടുണ്ട്; ഏതെല്ലാം വർഷങ്ങളിലാണ് പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവ് ഹാന്റക്സ് മാനേജ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ബി) ഹാന്റക്സിൽ ശമ്പളം പരിഷ്കരിക്കുമ്പോൾ എപ്പോഴെങ്കിലും സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 1995-1996-ൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് തൊഴിലാളി യൂണിയൻ പരാതി നൽകിയിട്ടുണ്ടോ;

(ഡി) ഈ പരാതി പ്രകാരം ഏതെല്ലാം തസ്തികകളുടെ ശമ്പളത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നും തസ്തിക, ശമ്പള സ്കെയിൽ ഇവ തിരിച്ച് വ്യക്തമാക്കുകയും ചെയ്യുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്രകാരം അപാകതകൾ പരിഹരിച്ചുകൊണ്ട് ശമ്പള വർദ്ധന നടപ്പിലാക്കിയതിന് കൈത്തറി രജിസ്ട്രാറുടെ/സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ഹാജരാക്കുമോ?

ഉത്തരം

(എ) 1985-ന് ശേഷം ഹാന്റ്ക്സിൽ 1986, 1989, 1994, 1998 എന്നീ വർഷങ്ങളിലായി 4 പ്രാവശ്യം ശമ്പളം ഹാന്റക്സ് പരിഷ്കരിച്ചു നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) താഴെ പറയുന്ന തസ്തികകളിലെ ശമ്പളത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

	തസ്തിക	*ശമ്പള സ്കെയിൽ*
(i)	വെഹിക്കിൾ സൂപ്പർവൈസർ	1520-40-1600-50-2300-60-2660
(ii)	അഡ്മിനിസ്ട്രേറ്റീവ് ആഫീസർ	3000-100-3500-125-5000
(iii)	ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഡെപ്യൂട്ടി ഫിനാൻസ് മാനേജർ ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ (ജനറൽ, ടെക്നിക്കൽ, പ്രൊഡക്ഷൻ)	2500-75-2800-100-4000
(iv)	ഡ്രൈവർ ഗ്രേഡ് I	1200-30-1560-40-2040

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly